പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **3003** **21. 06. 2013-** ലെ മറുപടി

<u>പ്രവാസികളെ സംബന്ധിച്ച സർവ്വേ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. സി. ദിവാകരൻ</u><br><u>ശ്രീ. ചിറ്റയം ഗോപകുമാർ</u><br><u>ശ്രീ. വി. എസ്. സുനിൽകുമാർ</u><br><u>ശ്രീ. വി. ശശി</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) വിദേശത്ത് സ്വദേശിവത്കരണം നടപ്പാക്കുന്നതുമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയ എത്ര പേർ ഇപ്പോൾ സംസ്ഥാനത്തുണ്ട്; | (എ) കൃത്യമായ കണക്ക് ലഭ്യമല്ല എങ്കിലും നോർക്ക വകുപ്പ് കേരളത്തിലെ വിവിധ എയർപോർട്ടുകളിൽ നിതാഖത്തിനെ തുടർന്ന് 2013 ഏപ്രിൽ 1 മുതൽ ഏർപ്പെടുത്തിയിട്ടുള്ള സഹായക കേന്ദ്രങ്ങളിലും ഓൺലൈനായും ഏകദേശം 6700 പേർ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് ഇതുവരെ എന്തെല്ലാം പദ്ധതികൾ നടപ്പാക്കി; ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിച്ചു; | (ബി) തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ സുസ്ഥിര വരുമാനം എന്ന ലക്ഷ്യത്തോടെ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന ഒരു സമഗ്ര പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിനായി 2012 -13 ൽ 1 കോടി രൂപ നൽകുകയും 2013-14 ൽ 2 കോടി 97 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രവാസികൾക്ക് ഇതിനായി അപേക്ഷ സമർപ്പിക്കുന്നതിന് 2013 ജൂൺ 30 വരെ സൌകര്യമേർപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഫ്രീ വിസയിൽ സ്പോൺസർഷിപ്പ് മാറ്റാനാകാതെ ഒളിവിൽ കഴിയുന്ന കേരളീയരുണ്ടോ; ഉണ്ടെങ്കിൽ ഇവർക്ക് സംസ്ഥാനത്തേക്ക് മടങ്ങുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തികൊടുത്തതെന്ന് വെളിപ്പെടുത്തുമോ? | (സി) സൗദി അറേബ്യയിൽ താമസിക്കാൻ ആവശ്യമായ രേഖയില്ലാതെ കഴിയുന്ന ഇന്ത്യക്കാർക്ക് എമർജൻസി സർട്ടിഫിക്കേറ്റ് ലഭ്യമാക്കുന്നതിനായി അവിടുത്തെ ഇന്ത്യൻ എംബസിയിൽ രജിസ്റ്റർ ചെയ്യുന്നതിന് ജൂലൈ 3 വരെ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എംബസിയിൽ നിന്നും ആവശ്യപ്പെടുന്നപക്ഷം ഇവരുടെ നാഷണാലിറ്റിയും ഐഡന്റിറ്റിയും സാക്ഷ്യപ്പെടുത്തി സമയബന്ധിതമായി അറിയിക്കുന്നതിന് ജില്ലാ ഭരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി സംസ്ഥാന പോലീസ് ആസ്ഥാനത്തെ ഇൻസ്പെക്ടർ ജനറൽ റാങ്കുള്ള ശ്രീ. മനോജ് എബ്രഹാമിനെ നോഡൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്. |
| (ഡി) പ്രവാസികളുടെ കൃത്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സർവ്വേ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഡി) പ്രവാസി മലയാളികളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തുന്നതിലേക്ക് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പുമായി ചേർന്ന് കേരളത്തിലെ പ്രവാസികളുടെ കാനേഷുമാരി മെയ് 1 മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ